154 (1629) അടുക്കള കിറ്റുകളുടെ വിതരണം

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുന്നല കൃഷിഭവന്റെ കീഴിലുള്ള കടയ്ക്കാമൻ വാട്ടർഷെഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 5982 അടുക്കള കിറ്റുകൾ വിതരണം ചെയ്യുന്നതിന് 1996 ഫെബ്രുവരിയിൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി എന്നായിരുന്നു;

(സി) അവസാന തീയതിവരെ എത്ര ക്വട്ടേഷൻ ലഭിച്ചു;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ആർക്കാണ് ക്വട്ടേഷൻ അനുസരിച്ച് കിറ്റുകൾ സപ്ലൈ ചെയ്യാനുള്ള ഓർഡർ കൊടുത്തത്.

(എഫ്) അവർക്ക് ഓർഡർ എന്നാണ് കൊടുത്തത്;

(ജി) ക്വട്ടേഷൻ നൽകാനുള്ള അവസാന തീയതിക്കു മുമ്പ് ഓർഡർ കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) അതിൻമേൽ എന്തു നടപടി ഇതുവരെ സ്വീകരിച്ചു;

(ഐ) ബന്ധപ്പെട്ട കൃഷി ആഫീസർ പുന്നല കൃഷി ഭവനിൽ എത്ര നാൾ ജോലി ചെയ്തു എന്നും സർവ്വീസിൽ നിന്നും എന്നാണ് വിരമിച്ചതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 24.2.1996 വൈകുന്നേരം 4 മണി.

(സി) 3 (മൂന്ന്) എണ്ണം.

(ഡി) 1. 22.2.96 ന് ഷാനു ഹോർട്ടികൾച്ചർ നഴ്സറി, ഏഴുകോൺ (ഒരു കിറ്റിന് 105 രൂപ നിരക്കിൽ)

2. 23.2.96 ന് ചിത്രാ ഹോർട്ടികൾച്ചർ നഴ്സറി പ്രൊപ്രൈറ്റർ-ശ്രീ. സത്യരാജ്, ഏഴുകോൺ (ഒരു കിറ്റിന് 110 രൂപ നിരക്കിൽ)

3. 24.2.96 ന് കൊല്ലം ഹോർട്ടികൾച്ചർ ക്രോപ്സ് ഡവലപ്പ്മെന്റ് സൊസൈറ്റി, പുതുക്കോട്, കുമ്മിൾ പി.ഒ., കടയ്ക്കൽ (ഒരു കിറ്റിന് 100 രൂപ നിരക്കിൽ)

(ഇ) കൊല്ലം ഹോർട്ടികൾച്ചർ ക്രോപ്സ് ഡവലപ്മെന്റ് സൊസൈറ്റിക്ക്.

(എഫ്)&(ജി) 24.2.96 ആയിരുന്നു ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതിയെങ്കിലും 16.2.96-ന് കൊല്ലം ഹോർട്ടികൾച്ചർ ഡവലപ്മെന്റ് സൊസൈറ്റിക്ക് പെർമിറ്റ് നൽകിയതായും 24.2.96-ന് കിറ്റുകൾ വിതരണം ചെയ്തതായും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(എച്ച്) നടപടി എടുക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഐ) പി.എൻ. ബീവി എന്ന കൃഷി ഓഫീസർ (പിറവന്തൂർ കൃഷി ഭവനിലെ ഓഫീസർ) 29.1.96 മുതൽ 5.2.96 വരെയും 13.2.96 മുതൽ 29.2.96 വരെയും പുന്നല കൃഷി ഭവനിൽ അധിക ചുമതല വഹിച്ചിരുന്നു. 29.2.96 ന് അവർ സർവ്വീസിൽ നിന്നും വിരമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly